# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2030 17/06/2014-ൽ മറുപടിക്ക്

# കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ നഗരസഭയുടെ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പമ്പിംഗ് സ്റ്റേഷനുകളിലേക്കും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കും വൈദ്യുതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത സ്ഥലങ്ങളിലേക്ക് വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ)യും (ബി)യും<br><br>കൽപറ്റ നഗരസഭയുടെ കടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പമ്പിംഗ് സ്റ്റേഷനുകളിലേക്കും വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറിലേക്കും 100 എച്ച്. പി. മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനുള്ള വൈദ്യുതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കൽപറ്റ ഇലക്ട്രിക്കൽസെക്ഷനിൽ അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടത്തിയപ്പോൾ, മോട്ടോറിന്റെ കപ്പാസിറ്റിയുടെ കാര്യത്തിൽ (100 എച്ച്. പി. യുടേതാണോ 120 എച്ച്. പി. യുടേതാണോ വേണ്ടതെന്ന കാര്യത്തിൽ) KWA തീരുമാനമെടുക്കേണ്ടതുണ്ട് എന്നാണ് അറിയിച്ചത്. 120 എച്ച്. പി മോട്ടോറാണ് വയ്ക്കേണ്ടതെങ്കിൽ അതോടനുബന്ധിച്ചുള്ള ലൈറ്റിംഗ് ലോഡും കൂടി ചേർത്ത് എച്ച്..റ്റി. കണക്ഷൻ എടുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ എച്ച്.. റ്റി. കണക്ഷൻ ആവശ്യമാണെന്ന് കാണിച്ച് ലഭിച്ച 11.06.2014 –ലെ അപേക്ഷ കെ, എസ്. ഇ. ബി. ലിമിറ്റഡിൽ നിശ്ചിത ഫോറത്തിൽ ഇപ്രകാരം പുതുക്കിയ ഡിമാൻറനുസരിച്ച് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അതോടൊപ്പം, കാലതാമസം ഒഴിവാക്കുവാനായി അപേക്ഷ കിട്ടുന്നതിനു |

C... 2)

മുൻപുതന്നെ എച്ച്..റ്റിലൈൻ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കെ. എസ്.ഇ.ബി.ലിമിറ്റഡ് തയ്യാറാക്കിയിട്ടുമുണ്ട്.

(സി) കൽപ്പറ്റ നഗരസഭയുടെ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) വൈദ്യുതി കണക്ഷന് ആവശ്യമായ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കുകയും ആവശ്യമായ എസ്റ്റിമേറ്റ് തുക അടയ്ക്കുകയും ചെയ്യുന്ന മുറയ്ക്ക് എത്രയും വേഗം വൈദ്യുതി കണക്ഷൻ നൽകാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**